# വീണ്ടും റമദാൻ, വിശ്വാസികൾക്ക് ഒരു മുന്നറിയിപ്പ്

നിങ്ങൾ ദീനിൽ പൂർണമായും പ്രവേശിക്കുക, വിശ്വാസിയായിക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാൻ ഇടയാകരുത് (വി.ഖു.) പരലോകവിചാരണവേളയിൽ നിങ്ങൾക്ക് ഞാൻ മുന്നറിയിപ്പ് നൽകിയിരുന്നില്ലേ എന്ന് അല്ലാഹു (സു.ത.) ചോദിക്കുമ്പോൾ ഞങ്ങളുടെ നേതാക്കൾ ഞങ്ങളെ വഞ്ചിച്ചു എന്നു മറുപടി പറയുകയും നേതാക്കന്മാർ കൈ ഒഴിയുകയും ചെയ്യുന്ന സന്ദർഭം വി.ഖു. വിശദീകരിക്കുന്നുണ്ട്. മുമ്പിൽ നടക്കുന്നയാൾക്ക് വഴിതെറ്റിയാൽ പിന്നിൽ നടക്കുന്നയാൾ ശരിയായവഴി കാണിച്ചുകൊടുക്കണം. നേർമാർഗ്ഗത്തിലേക്ക് വരാൻ അദ്ദേഹം തയ്യാറാവുന്നില്ലെങ്കിൽ പിന്നിലുള്ളവർ ശരിയായ വഴിയിലേക്ക് മാറി നടക്കണമെന്നാണ് മേൽ ഖുർആൻ കല്പനകൾ പഠിപ്പിക്കുന്നത്.

വി.ഖുർആനും നബി(സ)യുടെ സുന്നത്തും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ദീനിൽ കടത്തിക്കൂട്ടിയ എല്ലാ ബിദ്അത്തുകളും നിഷ്കാസനം ചെയ്യാൻ പൂർവ്വകാല പണ്ഡിതന്മാർ ശ്രമിച്ചിട്ടുള്ള ചരിത്രം നമുക്കറിയാം. കാലനിർണ്ണയവിഷയത്തിൽ മുസ്ലീംകൾക്കുണ്ടായ വിശ്വാസവ്യതിയാനം നവോത്ഥാന പണ്ഡിതന്മാർ മനസ്സിലാക്കിയിരുന്നു. കെ.എം.മൗലവി (റ) കണക്കിന്റെ വെളിച്ചത്തിൽ നഷ്ടപ്പെട്ടുപോയ നോമ്പ് നോറ്റുവീട്ടാൻ ആഹ്വാനം ചെയ്തിരുന്നു. ഇന്നത്തെ സ്ഥിതിയോ? ഇന്ന് നടപ്പിലുള്ളതും ഇസ്ലാമിക വ്യവസ്ഥയും തമ്മിൽ ഒരു താരതമ്യപഠനം ശരിയായ പാത തിരഞ്ഞെടുക്കാൻ നമ്മെ സഹായിക്കും.

### മാസപ്പിറവി കണ്ടാലറിയിക്കുക!

മാസപ്പിറവി കണ്ടാലറിയിക്കുക എന്ന ആഹ്വാനം ശഅ്ബാൻ അവസാനം പത്രദ്വാരാ നമ്മുടെ മതനേതൃത്വം അറിയിക്കുന്നു. എന്താണ് മാസപ്പിറവി. സൂര്യാസ്തമയശേഷം ചന്ദ്രക്കല കണ്ണുകൊണ്ടു കണ്ടാലാണോ മാസപ്പിറവി ആരംഭിക്കുന്നത്? ചന്ദ്രക്കല കണ്ടില്ലെങ്കിൽ 30 ദിവസം പൂർത്തിയാക്കിയാൽ വരുന്ന മാസങ്ങളിൽ 28-ാം ദിവസം കാണുന്ന അവസ്ഥയുണ്ടാകും. അത് നബിവചനത്തിന്നെതിരാകുകയും ചെയ്യും. മാസാവസാനം (29-ാം തീയതി) സൂര്യാസ്തമയശേഷം ചന്ദ്രനെ കാണാൻ സാധിക്കുമോ? മാസാവസാനം ചന്ദ്രക്കല നോക്കൽ പ്രവാചക ചര്യയിൽ പെട്ടതാണോ? പൂർവ്വകാല പണ്ഡിതന്മാർ ഇക്കാര്യത്തിൽ എന്ത് അഭിപ്രായം പറഞ്ഞു? എങ്ങനെയാണ് മുസ്ലീംകൾ മാസാവസാനം ചന്ദ്രക്കല നോക്കുന്ന സമ്പ്രദായം തുടങ്ങിയത്. എന്താണ് യഥാർത്ഥ മതവിധി?

### മാസപ്പിറവി ഖുർആനിൽ

ചന്ദ്രക്കലകളെ സംബന്ധിച്ചു ചോദിക്കുന്നു, പറയുക, അവ (ചന്ദ്രക്കലകൾ) ജനങ്ങൾക്കും ഹജ്ജിനും തിയതികാണിക്കുന്നു. (2:189) ചന്ദ്രക്കലകൾക്ക് ഭവനങ്ങൾ നിശ്ചയിച്ചിരിക്കുന്നു. അവസാനം അത് ഉർജൂനുൽ ഖദീം പോലെ ആയിത്തീരുന്നു. (36:39) അലാഹു - ആകാശ ഭൂമികളെ സൃഷ്ടിച്ച നാൾ മുതൽ കലണ്ടർ സംവിധാനിച്ചിട്ടുണ്ട് എന്ന് 9/36 പറയുന്നു.

ഓരോ ദിവസവും ചന്ദ്രൻ അതതുദിവസത്തെ തീയതി കാണിക്കുന്നതായും ചന്ദ്രന്റെ ദൃശ്യമാകുന്ന അവസാനത്തെ കലയെ ഉർജൂനുൽ ഖദീം പോലെ ആയിത്തീരുന്നു (പഴകിയ ഈത്തപ്പന കുലച്ചിൽ) എന്നും ഖുർ ആൻ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു. മാസാവസാനം കാണാൻ കഴിയുന്ന കല ഉർജൂനുൽ ഖദീം ആണെങ്കിൽ അടുത്ത ദിവസം മാസത്തിലെ അവസാന ദിവസമാണെന്നും അന്ന് കല കാണുകയില്ലെന്നും സാമാന്യബോധമുള്ള ആർക്കും മനസ്സിലാക്കാം. അന്ന് മാസപ്പിറവി സംഭവിക്കുന്നു. അടുത്തദിവസം പുതുമാസത്തിന്റെ ഒന്നാം തീയതിയാണെന്നതും തീർച്ചയാണ്. ഇതിനു പകരം പുതുചന്ദ്രന്റെ ആദ്യത്തെ കല കാണുന്ന ദിവസം പഴയ മാസത്തിന്റെ അവസാനദിവസമാണെന്ന മുസ്ലീം ലോകത്തിന്റെ ധാരണ പരമാബദ്ധമാണ്. ഖുർ ആൻ വിശുദ്ധമാണ്.

### മാസപ്പിറവി തഫ്സീറുകളിൽ

വി.ഖു. 10:5 ആയത്തിന്റെ വിശദീകരണത്തിൽ ജലാലൈനി തഫ്സീർ പറയുന്നത് ഒരു ചന്ദ്രമാസത്തിന്റെ അവസാനത്തെ രണ്ടുദിവസം ചന്ദ്രക്കല കാണുകയില്ല എന്നാണ്. അമാനി മൗലവിയുടെ തഫ്സീറിലും പറയുന്നു. "അവസാനം ഒന്നോ രണ്ടോ രാത്രി ചന്ദ്രക്കല അപ്രത്യക്ഷമാവും" എന്ന്. ഖുർആനിൽനിന്നും ആദ്യകാല പണ്ഡിതന്മാരും മനസ്സിലാക്കിയിട്ടുള്ളത് മാസാവസാന ദിവസം ചന്ദ്രക്കല (ഹിലാൽ) കാണുകയില്ല എന്നാണ്. ആദ്യമായി ചന്ദ്രക്കല കാണുന്നത് ഒന്നാം തീയതി സന്ധ്യക്കാണെന്ന് അമാനി മൗലവി 36:39 ആയത്തിന്റെ വിശദീകരണത്തിൽ എഴുതിയിട്ടുണ്ട്. പുതുചന്ദ്രനെ കാണുന്ന ദിവസം ആണ് മാസാവസാനദിവസമെന്ന തെറ്റിദ്ധാരണ മുസ്ലീംകളിലുണ്ടായത് അടുത്ത കാലത്താണ്. ഈ തെറ്റായ സമ്പ്രദായം ഇനിയെങ്കിലും അവസാനിപ്പിക്കേണ്ടതില്ലേ? നബി(സ) തന്റെ ജീവിതത്തിൽ ഒരിക്കൽപോലും 29-ാം തീയ്യതി സന്ധ്യക്ക് ഹിലാൽ നോക്കിയിട്ടില്ല. നോക്കാൻ നിർദ്ദേശിച്ചിട്ടുമില്ല.

### മാസപ്പിറവി ശാസ്ത്രത്തിൽ

ഭൂമി ഒരുപ്രാവശ്യം സ്വയം ഭ്രമണത്തിന് എടുക്കുന്ന കാലം ഒരു ദിവസം. ചന്ദ്രൻ ഒരു പ്രാവശ്യം ഭൂമിയെ ചുറ്റാനെടുക്കുന്ന കാലം ഒരു മാസം. സൂര്യനു നേരെനിന്നു തുടങ്ങി അതേ സ്ഥാനത്ത് ചന്ദ്രൻ തിരിച്ചെത്തുന്ന കാലയളവാണ് ഇസ്ലാമിക മാസം. ഇതിന് 29.5 ദിവസം എടുക്കുന്നു. നബി(സ) പറഞ്ഞു മാസത്തിൽ 29 അല്ലെങ്കിൽ 30 ദിവസങ്ങളുണ്ടാകും. അതായത് ഭൂമിക്കും സൂര്യനുമിടയിൽ ചന്ദ്രൻ ഒരു നേർരേഖയിൽ എത്തുന്നത് മുതൽ 29/30 ദിവസത്തിനുശേഷം അതേസ്ഥിതിയിൽ തിരിച്ചെത്തുന്നതുവരെയുള്ള കാലയളവാണ് (ചന്ദ്രൻ ഭൂമിക്കുചുറ്റും കറങ്ങുന്നതാണ്) ഇസ്ലാമിൽ ഒരു മാസം. സൂര്യനും ഭൂമിയും ചന്ദ്രനും ഒരു നേർരേഖയിൽ സമ്മേളിക്കുന്നതിനെയാണ് ന്യൂമൂൺ, അമാവാസി, ഗ്രഹണം എന്നെല്ലാം പറയുന്നത്. ആസ്ട്രോണമിക്കൽ എൻസൈക്ലോപീഡിയയിൽ ഒരു മാസത്തിന്റെ അളവും ഇതുതന്നെയാണ്.

ചന്ദ്രന് രണ്ട് അവസ്ഥകളുണ്ട്. ഖുർആനും ശാസ്ത്രവും അത് വ്യക്തമാക്കുന്നു. മാസത്തിലെ ആദ്യപാതിയിൽ ചന്ദ്രൻ വളരുന്നു. (Waxing crescent) രണ്ടാംപാതിയിൽ ചന്ദ്രക്കല ചെറുതാവുന്നു (Waning crescent) മാസാവസാനം ചെറുതായിവന്ന് ഒരുദിവസം ചന്ദ്രനെ കാണാതാവുന്നു. അടുത്ത ദിവസം പടിഞ്ഞാറെ ചക്രവാളത്തിൽ വലുതാവുന്ന കല കാണാൻ തുടങ്ങുന്നു. അവസാനമായി കാണുന്ന ചന്ദ്രക്കലയെ ഉർജൂനുൽ ഖദീം പോലെ (36:39) എന്ന് ഖുർആൻ പരിചയപ്പെടുത്തിയിരിക്കുന്നു. കാണാതാവുന്ന ദിവസം മാസത്തിലെ അവസാന ദിവസമാണ്. അവസാനം കാണുന്ന കലയുടെ രണ്ടറ്റങ്ങൾ (Horns) പടിഞ്ഞാറോട്ടു ലക്ഷ്യം വെയ്ക്കുമ്പോൾ മാസാദ്യം കാണുന്ന കലയുടെ രണ്ടറ്റങ്ങൾ കിഴക്കോട്ട് ലക്ഷ്യം വെയ്ക്കുന്നു. മാസാവസാനം പ്രഭാതത്തിൽ കിഴക്കുഭാഗത്താണ് കാണുന്നതെങ്കിൽ മാസാരംഭത്തിൽ സന്ധ്യക്ക് പടിഞ്ഞാറിൽ കാണുന്നു. ഇവ രണ്ടിനുമിടയിൽ ഒരു ദിവസം കല കാണുന്നില്ല. അന്നാണ് മാസപ്പിറവി ഉണ്ടാകുന്നത്. മാസമാറ്റത്തോടൊപ്പം കലയുടെ ആകൃതിയും മാറുന്നു. മാസാവസാനത്തിൽ ആദ്യം ചന്ദ്രൻ ഉദിക്കുന്നു. ശേഷം സൂര്യനും. അവസാനദിവസം ഭൂമിയിൽ ഒരിടത്ത് സൂര്യനും ചന്ദ്രനും ഒരുമിച്ച് ഉദിക്കുകയും മദ്ധ്യാഹ്നത്തിൽ ചന്ദ്രൻ സൂര്യനെ മറികടക്കുകയും ചെയ്യുന്നു (36:40). സന്ധ്യക്ക് ആദ്യം സൂര്യൻ അസ്തമിക്കുകയും ശേഷം ചന്ദ്രൻ അസ്തമിക്കുകയും ചെയ്യുന്നു. സൂറ ശംസിൽ ഇതാ തലാഹാ എന്ന ആയത്തിനെ തഫ്സീർ ഇബ്നു കസീർ മാസത്തിലെ ആദ്യപാതിയിൽ ചന്ദ്രൻ സൂര്യനെ പിന്തുടരുന്നു. അവസാനപാതിയിൽ സൂര്യൻ ചന്ദ്രനെ പിന്തുടരുന്നു എന്ന് വിശദീകരിച്ചിരിക്കുന്നു.

### ഇസ്ലാമിക കലണ്ടർ

ഇസ്ലാമിലെ സർവ ആരാധനകൾക്കും മതവിധിപ്രകാരം ജീവിതം ചിട്ടപ്പെടുത്താൻ കലണ്ടർ അനിവാര്യമാണ്. വി. ഖുർആനിലെ പ്രധാനമായും 4 ആയത്തുകൾ 2: 189, 9:36, 10:5, 36:39 എന്നിവ ചന്ദ്രമാസ കലണ്ടറാണ് ഇസ്ലാം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇസ്ലാമിലെ ചരിത്ര സംഭവങ്ങളെല്ലാം ചന്ദ്രമാസ കലണ്ടറിൽ അഥവാ ഹിജ്‌രി കലണ്ടറിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുണ്യദിനങ്ങളും മാസങ്ങളും ഹിജ്‌രി കലണ്ടറിലാണ്. കഴിഞ്ഞ നൂറ്റാണ്ടു വരെ നമ്മുടെ നാട്ടിലും തിയതി തെറ്റിയാലും ഹിജ്‌രി കലണ്ടർ ഉപയോഗിച്ചിരുന്നു. ഇന്ന് മുസ്ലീംങ്ങൾക്ക് ഒരു കലണ്ടറുണ്ടോ? മുസ്ലീം രാജ്യങ്ങളിൽ പ്രാദേശികമായെങ്കിലും കലണ്ടർ ഉപയോഗിക്കുമ്പോൾ കേരളത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങളടക്കം മുസ്ലീം സംഘടനകൾ ഇസ്ലാമിന്റെ

P.T.O.

കലണ്ടർ തീർത്തും തിരസ്കരിച്ചിരിക്കുന്നു. സഊദി അറേബ്യ ഈ അടുത്ത കാലത്ത് പൊതു ആവശ്യങ്ങൾക്ക് ഹിജ്രി കലണ്ടർ തന്നെ ഉപയോഗിക്കണമെന്ന് ഉത്തരവിറക്കിയിരുന്നു. അതൊന്നും കേരള മുസ്‌ലീം സംഘടനകൾക്ക് ബാധകമല്ല. പണ്ടൊക്കെ ഉറൂസ് നേർച്ചകൾക്കെങ്കിലും ഹിജ്രി കലണ്ടർ ഉപയോഗിച്ചിരുന്നു. ഇപ്പോൾ അവരും ഇസ്‌ലാമിന്റെ ഈ സുപ്രധാനഭാഗം തമസ്കരിച്ചിരിക്കുന്നു. കല്യാണക്കത്തുകളിലും ഇപ്പോൾ ഹിജ്രി തിയതികൾ കാണാറില്ല. കേരളത്തിലെ പ്രമുഖ മുസ്‌ലീം സംഘടനകളുടെ സമ്മേളന പോസ്റ്ററുകൾ ശ്രദ്ധിച്ചുനോക്കുക. ഹിജ്രി തിയതി കാണുകയില്ല. അവരുടെ പത്രമാസികകളാണെങ്കിൽ വ്യത്യസ്തമായ തിയതികളുമായിരിക്കും കാണിക്കുക. ഇവരാരും സൂറ തൗബയിലെ 36, 37 ആയത്തുകൾ കാണാറില്ലേ? അല്ലാഹുവിന്റെ കിതാബിലുള്ള മാസങ്ങളെ തള്ളിക്കളഞ്ഞ് മനുഷ്യനിർമ്മിതങ്ങളായ കലണ്ടർ കുടിയിരുത്തിയിരിക്കുന്നു. ഇത് മാറ്റി ഇസ്‌ലാമിക കലണ്ടർ തന്നെ ഉപയോഗിക്കണമെന്ന സഊദി അറേബ്യയുടെ തീരുമാനം ഇത്തരുണത്തിൽ ശ്ലാഘനീയമാണ്. എന്തുകൊണ്ട് കേരള മുസ്‌ലീങ്ങൾക്കും ഈ തീരുമാനം അംഗീകരിച്ചുകൂടാ.

## റമദാൻ മാസാരംഭം

നബി(സ) ശഅബാൻ മാസത്തെ പ്രത്യേകം നിരീക്ഷിക്കുമായിരുന്നു എന്ന് ആയിശ(റ) റിപ്പോർട്ട് ചെയ്ത ഹദീസ്(അബൂദാവൂദ്) പ്രകാരം മുസ്‌ലീം സംഘടനകൾ ചന്ദ്രക്കലകൾ നോക്കുന്നുണ്ടോ? 2012 ജൂൺ 19 ന് ആഗോളസമയം 15.02ന് മാസപ്പിറവി ഉണ്ടായി. അതിനാൽ 20.06.12 ബുധനാഴ്ച ശഅബാൻ ഒന്നാം തീയതിയാണ്. ഹിന്ദുദിനപത്രത്തിന്റെ കണക്കിൽ കോഴിക്കോട് ജൂൺ 19-ാം തീയതി 5.43ന് ചന്ദ്രൻ ഉദിക്കുകയും ശേഷം 6.06 ന് സൂര്യൻ ഉദിക്കുകയും ചെയ്തു. ജൂൺ 20ന് 6.06 ന് സൂര്യൻ ഉദിക്കുകയും ശേഷം 6.33 ന് ചന്ദ്രൻ ഉദിക്കുകയും ചെയ്തു. 12 മണിക്കൂറിനുശേഷം ഇവ രണ്ടും അസ്തമിക്കുന്നത് ഏതാണ്ട് 51 മിനിറ്റിന്റെ വ്യത്യാസത്തിലായിരിക്കും. ഇതിൽനിന്ന് ശബാൻ ഒന്നിന്റെ ചന്ദ്രക്കല ഒന്നാം തീയതി (20-6-12) അസ്തമയസമയത്ത് മറ്റു തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ പടിഞ്ഞാറൻ ചക്രവാളത്തിൽ കാണാൻ സാധിക്കുമെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്.

അതുപോലെതന്നെ ശഅബാനിലെ അഹില്ല നിരീക്ഷിക്കുന്ന പക്ഷം റമദാൻ എന്നു തുടങ്ങുമെന്ന് നേരത്തെ മനസ്സിലാക്കാം. ശഅബാൻ 7ന് (26.6.12) ചന്ദ്രൻ തലയ്ക്കുമുകളിൽ പടിഞ്ഞാറുഭാഗത്തായി അർദ്ധചന്ദ്രനിൽ അൽപ്പം കുറഞ്ഞു കാണാം. ശഅബാൻ 23 വ്യാഴാഴ്ച പ്രഭാതത്തിൽ തലയ്ക്കുമുകളിൽ അർദ്ധചന്ദ്രനെ കാണാം. അടുത്ത ദിവസം (13.7.12, വെള്ളി) ചന്ദ്രൻ ഹിലാൽ (Crescent) രൂപം പ്രാപിക്കുന്നു. ഇതിൽനിന്ന് അടുത്ത വെള്ളിയാഴ്ച റമദാൻ ഒന്നാണെന്ന് മനസ്സിലാക്കാം. നിരീക്ഷണം തുടർന്നാൽ 16.7.12 ബുധനാഴ്ച ഉർജൂനൂൽ ഖദീം കാണാൻ സാധിക്കും. 19.07.12 വ്യാഴാഴ്ച ചന്ദ്രനനെ കാണുകയില്ല. തഫ്സീറുകളിൽ രേഖപ്പെടുത്തിയപോലെ ചന്ദ്രനെ കാണാത്ത, മാസത്തിലെ അവസാന ദിവസമാണ് വ്യാഴം. അന്ന് ന്യൂമൂണും ചന്ദ്രന്റെ മറ്റു പ്രതിഭാസങ്ങളും നടക്കുന്നു. തുടർന്നു വെള്ളിയാഴ്ച ഈ വർഷത്തെ റമദാൻ ആരംഭിക്കുന്നു. ഈ തരത്തിലുള്ള ചന്ദ്രകല നിരീക്ഷണമാണ് സൂമൂലിറുഅ്യതിഹി എന്ന ഹദീസ് പ്രകാരം നിർദേശിക്കപ്പെട്ടിരിക്കുന്നത്. ഖുർആൻ 2: 189 ന്റെ വിശദീകരണമായാണ് നബി (സ) ജഅലല്ലാഹുൽ അഹില്ലത്ത മവാഖീത്തലിന്നാസ് സൂമൂലിറുഅ്യത്തീഹി വഫ്ത്വിറുലിറുഅ്യതിഹി എന്നു പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ ഹദീസിന്റെ അവസാന ഭാഗം മാത്രമെടുത്ത് ആശയക്കുഴപ്പമുണ്ടാക്കുകയാണ് തൽപരകക്ഷികൾ. കേരളത്തിൽ ഒരു വിഭാഗം ശഅബാൻ ആരംഭിച്ചത് 21.06.12 വ്യാഴാഴ്ചയാണ്. മറ്റൊരു വിഭാഗം 22.7.2012 വെള്ളിയാഴ്ചയും ആരംഭിച്ചു. ഇവരിൽ ഒരുകൂട്ടർക്ക് വ്യാഴാഴ്ചയും മറ്റൊരുകൂട്ടർക്ക് വെള്ളിയാഴ്ചയുമാണ് 29-ാം തീയതി. 30 പൂർത്തിയാക്കി ശനി, ഞായർ ദിവസങ്ങളിലായേ ഇവർക്ക് നോമ്പ് തുടങ്ങാൻ കഴിയുകയുള്ളൂ. അതല്ല ശഅ്ബാൻ 29 വ്യാഴാഴ്ച കാപ്പാട്ടുകാർ മാസപ്പിറവി കണ്ടു എന്നു പറഞ്ഞാൽ അത് ജലാലൈനിയുടേയും അമാനിതഫ്സീറിന്റേയും മാത്രമല്ല അല്ലാഹുവിന്റെ സുന്നത്തായ ശാസ്ത്രത്തിന്റേയും എതിരായതിനാൽ കളവാണെന്ന് പറയേണ്ടിവരും. ഇനിയും കണ്ണടച്ചു ഇരുട്ടാക്കാതെ മതനേതാക്കൾ കാര്യം പഠിച്ചു മനസ്സിലാക്കി സത്യപാതയിലേക്കു വരണമെന്ന് ദീനുൽ ഇസ് ലാമിന്റെ പേരിൽ അഭ്യർത്ഥിക്കുന്നു. അല്ലെങ്കിൽ കാര്യകാരണസഹിതം വസ്തുതകൾ നിരീക്ഷിച്ച് പഠിക്കുന്ന പുതുതലമുറയുടെ ചോദ്യങ്ങൾക്കു മുമ്പിൽ നിങ്ങൾ തലകുനിക്കേണ്ടി വരും എന്ന് ഓർമ്മപ്പെടുത്തുന്നു.

ചന്ദ്രക്കലകളുടെ വളർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അൽമനാകുകൾ വിവിധ രാജ്യങ്ങളിലെ വാനശാസ്ത്രപഠന ഗവേഷണ കേന്ദ്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ചന്ദ്രമാസങ്ങളുടെ കൃത്യമായ തിയ്യതിയും കലകളും അൽമനാകുകളിൽ നിന്ന് മനസ്സിലാക്കാം. പ്രപഞ്ച സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന മുസ്ലിംകൾ മാത്രമാണ് അൽമനാകുകൾ പ്രസിദ്ധീകരിക്കാതിരിക്കുന്നത് എത്ര ഖേദകരമാണ്.

## ഹിജറ കമ്മറ്റിയുടെ ദൗത്യം

ശാസ്ത്രം അല്ലാഹുവിന്റെ സുന്നത്താണ്. വി. ഖുർ ആൻ അല്ലാഹുവിന്റെ വചനങ്ങളും. ഇവ രണ്ടും ഭിന്നമാവില്ല. ഇസ്ലാലാം മനുഷ്യകുലത്തിനു നൽകിയ കുറ്റമറ്റ കാലഗണനാ നിർദ്ദേശമാണ് ചന്ദ്രകലമാസ കലണ്ടർ. ഇതിനെ മുസ്‌ലീംകൾ തന്നെ തള്ളിക്കളയുന്നത് ശരിയല്ലെന്നു ബോധ്യമായതിനാൽ ഹിജ്രി കലണ്ടറിന്റെ പുനഃസ്ഥാപനാർത്ഥം പ്രവർത്തിക്കുന്ന സംഘമാണ് ഹിജ്രി കമ്മറ്റി ഓഫ് ഇന്ത്യ. അൽഹംദുലില്ലാഹ് അതിന്റെ ദൗത്യം പൂർത്തിയായി വരികയാണ്. സഊദി അറേബ്യ കലണ്ടർ തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. ഇനി അതിലുള്ള പോരായ്മകൾ പരിഹരിക്കുകയേ വേണ്ടു. ദക്ഷിണേന്ത്യയിൽ പലഭാഗങ്ങളിലും ഹിജ്രി കലണ്ടർ പ്രകാരം ആരാധനകൾ നിർവഹിക്കുന്ന ഒരു സമൂഹം നിലവിൽ വന്നിരിക്കുന്നു. ഇതിനെ തള്ളിക്കയുന്നവർ അല്ലാഹുവിന്റെ മുമ്പിൽ കാരണം ബോധിപ്പിക്കാൻ ബാധ്യസ്ഥരായിരിക്കും. സമൂഹത്തെ നോമ്പെടുപ്പിക്കുകയും പൂർത്തീകരിപ്പിക്കുകയും ചെയ്യുന്ന പണ്ഡിതന്മാരുടെ ഉത്തരവാദിത്വം വർദ്ധിച്ചതാണ്.

എന്റെ സന്ദേശം കേൾപ്പിക്കുക. ഹിദായത്ത് നൽകുന്നത് ഞാനാണെന്ന് അല്ലാഹു നബി(സ)യെ അറിയിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. കാൽ നൂറ്റാണ്ടുകാലമായി കേരളത്തിലെ പണ്ഡിത നേതൃത്വത്തെ ഞങ്ങൾ ഇക്കാര്യം ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. ബഹുഭൂരിപക്ഷവും മുഖം തിരിക്കുകയായിരുന്നു. മാത്രവുമല്ല തെറ്റിദ്ധാരണ പരത്തി ഹിജ്രി കമ്മറ്റിയെ നശിപ്പിക്കാനാണ് അവർ ശ്രമിച്ചിട്ടുള്ളത്. ഇത്തരുണത്തിൽ ഈ വിഷയം സ്വന്തം മനസാക്ഷി പണയപ്പെടുത്താതെ, ബുദ്ധിയുപയോഗിച്ച് ചിന്തിച്ച് കാര്യം മനസ്സിലാക്കുകയും പൂർണ്ണമായും ദീനിൽ പ്രവേശിച്ച് ഒരു മുസ്‌ലീമായിക്കൊണ്ട് തന്നെ മരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന സഹൃദയർക്ക് മുന്നിൽ ബോധിപ്പിക്കുന്നു.

## ചന്ദ്രനിരീക്ഷണവും ചന്ദ്രമാസകലണ്ടറും

**ചന്ദ്രനിരീക്ഷണത്തെക്കുറിച്ചും ചന്ദ്രമാസകലണ്ടറിനെക്കുറിച്ചും മൾട്ടിമീഡിയ പ്രസന്റേഷന്റെ സഹായത്തോടെ ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട് വിശദമായി മനസ്സിലാക്കുവാനും പഠിക്കുവാനും ചർച്ചയിൽ പങ്കെടുക്കുവാനും ഹിജിരി കമ്മിറ്റി ഓഫ് ഇൻഡ്യ അവസരമൊരുക്കുന്നു. ഈ ഉദ്യമം പരമാവധി പ്രയോജനപ്പെടുത്തുവാൻ താങ്കളേയും ബന്ധുമിത്രാദികളേയും സാദരം ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.**


**Mob : 09605757190, 09895044827, 09961839685, 09962622000, 09946138808**

**Web : www.hijracalendar.in**

**Email : admin@hijracalendar.in**